കുട്ടിപ്പറവകൾ




എസ്.എസ്.എച്ച്.എസ് വഴിത്തല

# ആശംസകൾ

ശാസ്ത്ര സാങ്കേതിക വിദ്യകൾ അനുദിനംപുരോഗമിക്കുന്നുശിലാരേഖകൾ മൺമറഞ്ഞു.എഴുത്തോലകൾ അപ്രത്യക്ഷമായി.ഇനി കടലാസുകളുംഇല്ലാതാകും.കമ്പ്യൂട്ടർ മാത്രം.ലിറ്റിൽകൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ കണ്ടു.ഏറെ മനോഹരമായിരിക്കുന്നു. കയ്യെഴുത്തു മാസികകൾക്കു പകരം ഇനി ഡിജിറ്റൽ മാഗസിനുകളാകട്ടെ. ലിറ്റിൽ കൈറ്റ്സിലെ എല്ലാ കുട്ടികൾക്കും സ്നേഹം നിറഞ്ഞ ആശംസകൾ.

ഹെഡ്മാസ്റ്റർ

ജോർജ്. ജെ.ചേറ്റൂർ.

കുട്ടിപ്പറവകൾ




എസ്.എസ്.എച്ച്.എസ് വഴിത്തല

## ഇതൾ വിരിയുമ്പോൾ

അർഹിക്കുന്ന ശിക്ഷ [കഥ]....7
....7
....7
അമ്പിളിക്കവിതകൾ [കവിത]....8
....8
കഥകളി [ലേഖനം ]....10
....10
സ്നേഹവചനങ്ങൾ [മൊഴിമുത്തുകൾ]....11
പഴഞ്ചൊല്ലുകൾ [പഴമൊഴികൾ]....12
കടംങ്കഥകൾ....13
ഓട്ടം [കവിത]....14
കരുത്തൻ [കഥ]....15
ചോദ്യവലി....17
മഴ എന്ന സ്വപ്നം [കവിത]....20
പ്രകൃതി സംരക്ഷണം [ലേഖനം ]....21
പഴഞ്ചൊല്ലുകൾ [പഴമൊഴികൾ ]....22
മഹത് വചനങ്ങൾ [മഹത്പദേശം]....23
വികൃതി മാറി [കഥ]....24
കടംങ്കഥകൾ....25
ആത്മാവിനു മധുരം പകരുന്നവർ[ലേഖനം]....26
പ്രകൃതിമനോഹരി [കവിത]....27
തേനീച്ചകളുടെ നൃത്തവും....28
പ്രകാശവും [ ലേഖനം]....28
ചോദ്യോത്തരങ്ങൾ പ്രശ്നോത്തരി....29
കുഞ്ഞന്റെ സമ്മാനം [കഥ]....30
സൂര്യൻ [കവിത]....31

# എഡിറ്റോറിയൽ

സ്വപ്നങ്ങൾ പാകിയ വഴിത്താരയിൽ
കാലം കാത്തുവച്ച ഈറൻ ചുവടുകളെ
സ്പർശിച്ച്,ഈ കലാലയ ജീവിതത്തിന്റെ
സ്പന്ദനങ്ങളേറ്റുവാങ്ങി അറിവിന്റെ
മഹത്വം വിളിച്ചോതുന്ന ഗുരുവന്ദ്യരെ
നമിച്ചുകൊണ്ട് സാഹിത്യലോകത്തിന്റെ
പുതുലോകം നിങ്ങൾക്കായി ഞങ്ങൾ
തുറക്കുന്നു.....

ലിറ്റിൽകൈറ്റ്സ്
ഡിജിറ്റൽ മാഗസിൻ

# കുട്ടിപ്പറവകൾ

# എഡിറ്റോറിയൽ ബോർഡ്

- ആൽഫി സെബാസ്റ്റ്യൻ
- കൃഷ്ണപ്രിയ എം നായർ
- അന്നമരിയ ബിജു
- എബിൻ ബിനോയി
- അർജ്ജുൻ അജയ്
- അഭിജിത്ത് പി.ആർ

# അർഹിക്കുന്ന ശിക്ഷ [കഥ]

ഒരു സ്ത്രീ അഞ്ചു മുട്ടകൾ മോഷ്ടിച്ചതായി പോലീസിൽ അറിവ് ലഭിച്ചു.പോലീസ് ഓഫീസർ ആ സ്ത്രീയെക്കുറിച്ച് അന്വേഷിച്ചു. തന്റെ കുട്ടികൾക്ക് ഭക്ഷണം നൽകാനാണ് അവർ അത് മോഷ്ടിച്ചത് എന്ന് അദ്ദേഹത്തിന് മനസ്സിലായി.നിയമപരമായ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞ് അവർക്ക് യഥാർത്ഥത്തിൽ വേണ്ട ശിക്ഷ അദ്ദേഹം നടപ്പിലാക്കി.ഒരു ട്രക്ക് നിറയെ വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ അവർക്ക് എത്തിച്ചു കൊടുക്കുക എന്നുള്ളതായിരുന്നു അത്.

അന്നാമരിയ ബിജു

# അമ്പിളിക്കവിതകൾ [കവിത]

- ഓടിവാ, ഓടിവാ, പൂനിലാവേ!

  ഓമനക്കുഞ്ഞിന്റെ മുന്നിൽ വാ നീ.

  പിഞ്ചുകൈ നീട്ടിക്കുതുകത്തോടെ

  കൊഞ്ചിവിളിക്കുന്നു പൈതൽ നിന്നെ

  അമ്പിളിത്തേർവിട്ടിറങ്ങിവാ നീ

  അക്കൊണ്ടൽ ആനമേൽ ഏറിവാ

  നീ.

–പണ്ഡിറ്റ് കെ.പി കറുപ്പൻ

- അമ്പിളിയമ്മാവാ തിരിഞ്ഞു നി–
  ന്നൻപിനോടൊന്നു ചൊല്ലൂ
  എങ്ങുപോകുന്നിവ്വണ്ണം നീ തനി–
  ച്ചങ്ങു ഞാനും വരട്ടോ?

–പന്തളം കേരളവർമ്മ

- അമ്പിളിയമ്മാവാ! എവിടെ നീ
  മുമ്പിൽ നിന്നോടിടുന്നു?
  രാത്രി മരുമകനേ! നമുക്കുള്ള
  യാത്ര മുടക്കിക്കൂടാ

- –ഉള്ളൂർ എസ്.പരമേശ്വരൻ

# കഥകളി [ലേഖനം ]

കഥകളി ഒരു രംഗകലയാണ്.പാട്ടിനും താളമേള

ങ്ങൾക്കും അനുസരിച്ച കഥ അഭിനയിച്ച കാണിക്കുന്ന

കലയാണിത്.അംഗങ്ങൾകൊണ്ടു കാണിക്കുന്ന

ചേഷ്ടകളായ ആംഗികാഭിനയം, വേഷഭൂഷകൾ

കൊണ്ടുണ്ടാക്കുന്ന ആഹര്യഭിനയം,

ഭാവങ്ങളിൽ നിന്നുണ്ടാകുന്ന സ്വാതികാഭിനയം,

വാചികാഭിനയം എന്നിവ ചേർന്ന

നടനകലയാണ് കഥകളി.

കഥകളിയുടെ സാഹിത്യരൂപമാണ്

ആട്ടക്കഥ. 'ആടുന്നതിനുള്ള കഥ' എന്ന

അർത്ഥത്തിലാണ് ഈ പേരു പറയുന്നത്.

*മീനാക്ഷി മോഹനൻ*

# _സ്നേഹവചനങ്ങൾ [മൊഴിമുത്തുകൾ]

- സ്നേഹം–അത് പ്രകൃതിയുടെ രണ്ടാമത്തെ സൂര്യനാകുന്നു.

  –ജോർജ് ചാപ്മാൻ

- സ്നേഹം ഇന്നും എന്നും പ്രകൃതിയുടെ സത്യമാകുന്നു.മരണം അസത്യവും.
-

  –വില്യം സോമർവിൽ

- ലോകത്തിൽ നടമാടുന്ന അനീതിയുടെയും അക്രമത്തിന്റെയും പ്രധാനകാരണം സ്നേഹദാരിദ്ര്യമാണ്.

  **–മദർ തെരേസ**

കുട്ടിപ്പറവകൾ

# പഴഞ്ചൊല്ലുകൾ [പഴമൊഴികൾ]

1. അള മുട്ടിയാൽ ചേരയും കടിക്കും

2 . ആകെ മുങ്ങിയാൽ കുളിരില്ല

3. ആന കൊടുത്താലും ആശ കൊടുക്കരുത്

4. ആവശ്യങ്ങളാണ് സൃഷ്ടിയുടെ മാതാവ്

5 . ആർക്കാനും വേണ്ടി ഓക്കാനിക്കുക

എസ്.എസ്.എച്ച്.എസ് വഴിത്തല

# കടംകഥകൾ

1 ഞെട്ടിയില വട്ടയില [ പപ്പടം ]

2 ഒരമ്മക്ക് ആയിരം മക്കൾ [ചൂല്]

3 അമ്മയെതോട്ടവൻ വെന്തുമരിച്ചു
[തീപ്പെട്ടിക്കൊള്ളി]

4 ആയിരം പോലിസുകാർക്ക് ഒരു ബൽറ്റ്
[ചൂല്]

5 അകത്ത് രോമം പുറത്ത്ഇറച്ചി
[മൂക്ക്]

# ഓട്ടം

[കവിത]



ഉരുളിയുരുളണ
തളിത്തു തളിരണ
മലരു വിരിയണ
മണല്ലു ചൊരിയണ
കിണ്ടി മണ്ടണ
കിണ്ണ മോടണ
ഞാനുമോടണ

അൻസിൽ സണ്ണി

എസ്.എസ്.എച്ച്.എസ് വഴിത്തല

# കരുത്തൻ [കഥ]

ലോകത്തിലെ ഏറ്റവും വലിയ ശക്തനാകണമെന്നാണ് മിക്ക കുട്ടുകാരുടെയും മോഹം.എന്നാൽ,അതിൽ ഒരു കാര്യവുമില്ലെന്നാണ് ഡ്യുവാർഡ് ബ്യൂപ എന്ന കാനഡക്കാരന്റെ കഥ നമ്മോട്ടു പറയുന്നത്.ബ്യൂപേ ജനിച്ചത് 1881-ൽ സാധാരണ കുട്ടി. പക്ഷേ,ആള് വളരുന്നതോടെ ഉയരവും കരുത്തും വർധിച്ചുവന്നു ഒൻമ്പതു വയസായപ്പോഴേക്കും

ആറടി പൊക്കമായി.പിന്നെയും ഉയരം കൂടിക്കൂടിവന്നു. ഒടുവിൽ എട്ടടി ഉയരമായി.സ്കൂളിലുള്ള പഠനം പാതിവഴിയിൽ നിർത്തി.എവിടെച്ചെന്നാലും ഉയരം പ്രശ്നമാണ്.

കുതിരക്കാരനാകണം എന്നായിരുന്നു

ചെറുപ്പത്തിലേയുള്ള മോഹം. പക്ഷേ കുതിരപ്പുറത്തു കയറാൻ വയ്യ കാലു നിലത്തു മുട്ടും.എന്നാലും,നല്ല ശക്തിയുള്ളതിനാൽ കുതിരയെ എടുത്തുപോകാനും അയാൾക്കും കഴിയുമായിരുന്നു. അങ്ങനെ കുറെയേറക്കാലം സർക്കസിൽ ജോലി നോക്കി.ബ്യൂപേ കുതിരയെ എടുത്തുകൊണ്ടുപോകുന്നതു കാണാൻ ആളുകൾ തടിച്ചുകൂടി.

1904-ലായിരുന്നു ബ്യൂപേയുടെ മരണം ജിവിതത്തിൽ കാര്യമായ നേട്ടങ്ങളുണ്ടാക്കനോ മാന്യമായ ഒരു ജോലി നോക്കാനോ ബ്യുപേയ്ക്കു കഴിഞ്ഞില്ല.

കൃഷ്ണപ്രിയ എം നായർ

# ചോദ്യവലി

## കേരളവുമായി ബന്ധപ്പെട്ട 20 ചോദ്യങ്ങൾ,ഉത്തരങ്ങൾ




1.കേരളം സന്ദർശിച്ച അദ്യത്തെ അറബ് സഞ്ചാരി?

(*മാലിക് ദിനാർ*)

2.ക്രിസ്തുമത പ്രവാചകനായ സെൻറ് തോമസ് കേരളത്തിൽ എത്തിയതെന്ന്?

(*എ.ഡി 52*)

3.പൂർണമായും മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ ഗ്രന്ഥം?

(*സംക്ഷേപ വേദാർഥം*)

4.പ്രാചിന കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖം?

(*മുസ്സിരിസ്സ്(കൊടുങ്ങല്ലൂർ)*)

5.കേരളത്തിൽ നിന്നു ലഭിച്ചിട്ടുള്ള ഏറ്റവും പഴക്കമേറിയ ശാസനം?

(*വാഴപ്പള്ളി ശാസനം (രാജശേഖരൻ)*)

6.കേരളത്തിലെ ആദ്യ വനിതാ മാസിക?

*(കേരളീയ സുഗുണബോധിനി)*

7.ആദ്യ മലയാള പത്രം ഏത്

*(രാജ്യസമാചാരം (1847,ഗുണ്ടർട്ട്))*

8.ശ്രീനാരായണ ഗുരു
എസ്. എൻ.ഡി.പി യോഗം തുടങ്ങിയത് എന്ന് ?

*(1903 മേയ് 15)*

9.ഗാന്ധിജി എത്ര തവണ കേരളം സന്ദർശിച്ചു ?

*(5 തവണ (1920,1925,1927,1934,1937))*

10.ഏറ്റവും കൂടുതൽ ഗ്രാമപഞ്ചായത്തുകൾ ഉള്ള ജില്ല ?

(മലപ്പുറം)

11.കേരളത്തിലെ ആദ്യസാഹിത്യ മാസിക?

*(വിദ്യാവിലാസിനി)*

12.ഏറ്റവും കൂടുതൽ ഭാഷകൾ സംസാരിക്കുന്നത് ഏതു ജില്ലയിലാണ് ?

*(കാസർകോട്)*

13.ഗാന്ധിജിയുടെ ആത്മകഥയിൽ പരാമർശിച്ചിരിക്കുന്ന കേരളീയൻ ?

*(ബാരിസ്റ്റർ ജി. പി. പിള്ള)*

14.ഏറ്റവും കൂടുതൽ നെല്ല് ഉത്പാദിപ്പിക്കുന്ന ജില്ല ?

കുട്ടിപ്പറവകൾ

(പാലക്കാട്)

15.കേരളത്തിന്റെ സിംഫണി എന്ന വിശേഷിപ്പിക്കുന്നത് ?

(ചെണ്ടമേളം)

16.പ്രഥമ ആദിവാസി പഞ്ചായത്ത് ?

(ഇടമലക്കുടി(ഇടുക്കി))

17.രണ്ടു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ല ?

(വയനാട്)

18.മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവിലഭിച്ചത് എന്ന് ?

(2013 മെയ്23)

19.കേരളത്തിലെ ഏറ്റവും വലിയ ആദിവാസി സമൂഹം ?

(പണിയർ)

20.പക്ഷിപാതാളം ഏത ജില്ലയിൽ ?

(വയനാട്)

അലക്സ് സാജൻ

എസ്.എസ്.എച്ച്.എസ് വഴിത്തല

# മഴ എന്ന സ്വപ്നം [കവിത]

സ്വർഗ്ഗത്തിൽ നിന്ന് അയക്കപ്പെട്ട വെള്ളി നൂലുകളാണ് മഴ

കൃഷിയിടത്തേയും താഴ്വരകളെയുംവർണസഭലമാക്കും മഴ

ഇസ്താർ ദേവതയുടെ കിരീടത്തിലെ പവിഴക്കല്ലുകളാണ് മഴ

പെയ്ത് ഇറങ്ങുപ്പോൾ ഹൃദയത്തെ കുളുർമ്മയുള്ളതാക്കുന്ന മഴ

ഭൂമിയെ തലോടുന്ന അമ്മയുടെ കരങ്ങളാവുന്ന മഴ

അന്തരീഷത്തിലെ താപത്താൽ ജന്മമെടുക്കുന്ന മഴ

താപംകൊണ്ടുതന്നെ മരണപ്പെടുന്ന

ദൈവം സ്വർഗ്ഗത്തിൽ നിന്ന് അയക്കപ്പെട്ട

വെള്ളി നൂലുകളാണ് മഴ

എബിൻ ബിനോയി

# പ്രകൃതി സംരക്ഷണം [ലേഖനം ]

## "മലരണിക്കാടുകൾ തിങ്ങിവിങ്ങി

## മരതക കാന്തിയിൽ മുങ്ങിമുങ്ങി"

എന്ന ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ വരികൾ ശിഥിലമാകുന്ന ഈകാലഘട്ടത്തിൽ പ്രകൃതി സംരക്ഷണത്തിന്റെ മൂല്യം വളരെയാണ്.മനുഷ്യന്റെ അനിയന്ത്രിതമായ പ്രവൃത്തികൾ മൂലമാണ് പ്രകൃതി നശിച്ചത് .പ്രകൃതി നമ്മുടെ മാതാവാണ്.അതിനാൽ പ്രകൃതിയേസംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. മരങ്ങൾ മുറിച്ചും,മണ്ണ് വാരിയും ,കുന്നുകൾ നികത്തിയും,പ്ലാസ്റ്റിക്കുകൾ വലിച്ചെറിഞ്ഞും,മനുഷ്യൻ പ്രകൃതിയേ മലിനമാക്കുന്നു.മനുഷ്യന്റെതെറ്റായ തെറ്റായ ഇടപെടലുകൾ പ്രകൃതിയേ മലിനമാക്കുന്നു. പ്രകൃതി ഇല്ലെങ്കിൽ മനുഷ്യനില്ല.പ്രകൃതിയിലേ ഓരോ ജീവജാലങ്ങളും മനുഷ്യനു വേണ്ടിയുള്ളതാണ്. അതിനാൽ പ്രകൃതിയേ സംരക്ഷിച്ച് നമ്മുക്ക്മുന്നേറാം.

**അർജ്ജുൻ അജയ്**

എസ്.എസ്.എച്ച്.എസ് വഴിത്തല

# പഴഞ്ചൊല്ലുകൾ [പഴമൊഴികൾ ]


- അൽപ്പജ്ഞാനം ആപത്ത്
- ഗുരുവില്ലാത്താ കളരിപ്പോലെ
- അഴകുള്ള ചക്കയിൽ ചുളയില്ല
- മീനത്തിൽ നട്ടാൽ മീൻകണ്ണോളം
- കുംഭത്തിൽ നട്ടാൽ കുടത്തോളം
- മകരത്തിൽ മഴപെയ്താൽ മലനാട്ടും മുടിയും
- കുംഭത്തിൽ മഴപെയ്താൽകുപ്പയിലും മാണിക്യം
- അറിവാണ് ശക്തി
- അധികമായാൽ അമൃതും വിഷം
- അത്യാഗ്രഹം ആപത്ത്
- അത്തം കറുത്താൽ ഓണം വെളുക്കും

**ട്രീസ ജെയ്സൺ**

# മഹത് വചനങ്ങൾ [മഹത്പദേശം]

"അഹിംസ ഭീരുവിന്റെ ആയുധമല്ല ധീരന്റേതാണ്"-
ഗാന്ധിജി

"എന്റെ ജീവിതമാണ് എന്റെ സന്ദേശം"-
ഗാന്ധിജി




"അവനിവനെന്നറിയുന്നതൊക്കെയോർത്താ

ലവനിയിലാദിമമായൊരാത്മരൂപം

അവനവനാത്മസുഖത്തിനാചരിക്കു

ന്നവയപരന്ന സുഖത്തിനായ് വരേണം"-

[ആത്മോപദേശകം-ശ്രീനാരയണഗുരു]



# വികൃതി മാറി [കഥ]

ഒരിടത്ത്ഒരിടത്ത് രണ്ടു വികൃതിക്കുരങ്ങൻമാർ താമസിച്ചിരുന്നു-മങ്കുവും മിങ്കുവും. ഒരു ദിവസം മങ്കുവുംമിങ്കുവുംമരത്തിൽ ആടിക്കളിക്കുകയായിരുന്നു..അപ്പോൾ ടിന്നുക്കിളിയും മിന്നുക്കിളിയും അതുവഴി വന്നത് ''നിങ്ങൾക്കിങ്ങനെ ചെയ്യാൻ പറ്റുമോ? ഹ്രയ്......ഹ്രയ്......"മിങ്കുവും മങ്കുവും മിന്നുവിനെയും ടിന്നുവിനെയും കളിയാക്കി എന്നിട്ട് മരത്തിൽ കിടന്ന് ഓരോരോ അഭ്യാസങ്ങൾകാണിക്കാൻ തുടങ്ങി.വേണ്ട.....വേണ്ട എത്ര അഭ്യാസികളാണെങ്കിലും ശ്രദ്ധിച്ചില്ലെങ്കിൽ താഴെ വീഴും'' മിന്നുവും ടിന്നുവും പറഞ്ഞു. വികൃതികളായ മങ്കുവുംമിങ്കുവും അതൊന്നും ശ്രദ്ധിച്ചില്ല അവർ പിന്നെയും അഭ്യാസങ്ങൾകാണിച്ചു.എന്നാൽ മങ്കു പിടിച്ചിരുന്ന മരകൊമ്പോടിഞ്ഞു...ക്ര്...പ്ധോം..അയ്യോ...നടുവൊടിഞ്ഞേ മങ്കു കരഞ്ഞു ഞങ്ങളപ്പോഴേപറഞ്ഞതല്ലേ?ടിന്നുവും മിന്നുവും ചോദിച്ചതുകേട്ട് കുരങ്ങൻമാർ നാണിച്ചുപോയി.അവർ അവിടെ നിന്നും ഓടിപ്പോയി.

ആമോസ് അബ്രഹാം

# കടംകഥകൾ

*കാള കിടക്കും കയറൊാടും - മത്തങ്ങ

*അരി വയ്ക്കും മുമ്പേ കറി വയ്ക്കും-ചീര

*അടിയിൽ വട്ടകിണ്ണം മേലെ പച്ചപന്തൽ

ചേന

*മുറ്റത്തെ ചെപ്പിനടപ്പില്ല-കിണർ

*ഞെട്ടില്ല വട്ടയില-പപ്പടം

*കുത്തുന്ന കാളയ്ക്ക് പിന്നിൽ കണ്ണ്- സൂചി

*നല്ല നായയ്ക്ക് നാവിൻ മേൽ പല്ല്-ചിരവ

*എന്നെ തൊട്ടുകൂട്ടും പക്ഷെ സദ്യക്കെടുക്കില്ല

കാൽക്കുലേറ്റർ

*ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ

നിൽക്കും കുതിര- ചെരുപ്പ്

# ആത്മാവിനു മധുരം പകരുന്നവർ[ലേഖനം]

ഗോത്രാംഗങ്ങളിൽ ആരെങ്കിലും ഒരു തെറ്റ്
ചെയ്തതായി ശ്രദ്ധയിൽ പെട്ടാൽ മറ്റുള്ളവർ
അയാളെ അവരുടെ ഗ്രാമത്തിന്റെനടുവിലേക്ക്

കൊണ്ടുപോകും.ഗോത്രത്തിലെ മറ്റംഗങ്ങൾ
അയാളുടെ ചുറ്റും നിൽക്കും.എന്നിട്ട് രണ്ടു

ദിവസത്തോളം അയാൾ ചെയ്ത സത്പ്ര-

വൃത്തികളെല്ലാംവിളിച്ചുപറഞ്ഞുകൊണ്ടിരക്കും.

അങ്ങനെ അവർആ വ്യക്തിയെ തന്റെ നല്ല
സ്വഭാവത്തിലേക്കു തിരികെ കൊണ്ടുവരുന്നു.

അനന്യ വർക്കി

# പ്രകൃതിമനോഹരി [കവിത]

പുലരിയിൽ സൂര്യനുദിക്കുമ്പോൾ

കുയിലിൻ നാദം കേൾക്കുന്നു

പുൽക്കൊടി തുമ്പിലെ ജലകണം

സൂര്യപ്രകാശത്താൽ ജ്വലിക്കുന്നു

സൂര്യന്റെ പ്രണയിനി താമരയല്ലികൾ

ഒന്നായിവിരിഞ്ഞിടുന്നു

ആകാശത്തിൽ പൊൻ പൊട്ടുപോലെ

കുട്ടിപ്പറവകൾ

# തേനീച്ചകളുടെ നൃത്തവും

# പ്രകാശവും [ ലേഖനം]



തേനീച്ചകൾ ആശയവിനിമയം നടത്തുന്നത്ഒരുതരംനൃത്തത്തിലൂടെയാണ്.നിറയെ പൂമ്പൊടിയും തേനുമുള്ള പൂക്കൾ കണ്ടെത്തിയാൽ ആ വിവരം കൂട്ടുക്കാരെ അറിയിക്കുകയും കൂട്ടിലേക്കുള്ളവഴിപിന്നാലെവരുന്നവരിലേക്ക്പകരുകയും ചെയ്യുന്നതിന് തേനീച്ചകൾനൃത്തചലനത്തെ ആശ്രയിക്കുന്നു.ഈ നൃത്തം സൂര്യന്റെ സ്ഥാനത്തെ ആസ്പദമാക്കിയാണ് നടത്തുന്നത്.അതായത് തേനീച്ചകൾക്ക് വിവരകൈമാറ്റത്തിന് സൂര്യപ്രകാശം കൂടിയേ തീരുവെന്നർത്ഥം.

എസ്.എസ്.എച്ച്.എസ് വഴിത്തല

# ചോദ്യോത്തരങ്ങൾ പ്രശ്നോത്തരി

1 കിഴക്കിന്റെ വെനീസ്?

-ആലപ്പുഴ

2 കേരള ഭാഷയുടെ പിതാവ്?

-എഴുത്തച്ചൻ

3 ദൈവത്തിന്റെ സ്വന്തം നാട്?

-കേരളം

4 കേരളത്തിലെ നെല്ലറ?

-കുട്ടനാട്

5 കേരളത്തിലെ പ്രധാന കലാരൂപം ?

–കഥകളി

# കുഞ്ഞന്റെ സമ്മാനം [കഥ]

ഒരിടത്തൊരിടത്ത് കുഞ്ഞൻ എന്ന പേരുള്ള ഒരു അണ്ണാൻ താമസിച്ചിരുന്നു.ഒരു ദിവസം ഒരു മാമ്പഴവുമായി കൂട്ടിലെത്തിയ കുഞ്ഞൻ താഴെ തറയിൽ എന്തോ കിടക്കുന്നത് കണ്ടു. അതൊരു ചീഞ്ഞ തക്കാളിയായിരുന്നു.കുഞ്ഞൻഅതിലെ വിത്തുകൾഎടുത്ത് മുറ്റത്ത്കുഴിച്ചിട്ടു.രണ്ടുദിവസം കഴിഞ്ഞപ്പോൾചെടികൾ മുളച്ചു വന്നു.കുഞ്ഞന് സന്തോഷമായി.അവൻ അവയെ നനച്ചു.അവ കുറച്ചുകൂടി വളർന്നപ്പോൾ വളവുമിട്ടു. കുറച്ചുദിവസങ്ങൾകഴിഞ്ഞപ്പോൾ അതാ,ചെടികൾ നിറയെ തക്കാളി!പിന്നെയും കുറച്ചുദിവസം കഴിഞ്ഞപ്പോൾ തക്കാളിയെല്ലാംചുവന്നുതുടുത്തു.കുഞ്ഞൻ തക്കാളി പറിച്ച് **കൂട്ടുകാർക്കെല്ലാംകൊടുത്തു.എല്ലാവർക്കുംസന്തോഷമായി.**

**ആൽഫി സെബാസ്റ്റ്യൻ**


എസ്.എസ്.എച്ച്.എസ് വഴിത്തല

# സൂര്യൻ [കവിത]



മേഘത്തിന്റെ ഇടയിൽ കത്തിജ്വലിക്കുന്ന
തീയാണ് സൂര്യൻ
ഒരു ചെറുവട്ടമേയുള്ളൂ എങ്കിലും
പകരുന്നു വെളിച്ചം
ആ വെളിച്ചം നമ്മുടെ ജീവിതത്തിലെ
അന്ധകാരം മാറ്റുന്നു
ഇതാ ഉണരുന്നു ഓരോ ജനതയും
സൂര്യന്റെ പ്രകാശകിരണങ്ങൾ ഏറ്റു
പടർന്നു നിൽക്കുന്ന ആകാശത്തിൻ
ഭംഗിയേകുന്നു സൂര്യൻ
ഓരോ പുൽച്ചെടിയേയും വളർത്തുന്നു
സൂര്യപ്രകാശത്താൽ സൂര്യൻ
ലോകത്തുള്ള സർവചരാചരങ്ങൾക്കും
പ്രകാശം ഏകുന്നിതാ സൂര്യൻ.

എസ്.എസ്.എച്ച്.എസ് വഴിത്തല



# നന്ദി